REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 13-04-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- ജാലിയൻ വാലാബാഗ് കൂട്ടക്കൊലയുടെ 107-ാം വാർഷികദിനത്തിൽ രാഷ്ട്രപതിയും, പ്രധാനമന്ത്രിയും ആദരാഞ്ജലിയർപ്പിച്ചു.
- സ്ത്രീകളുടെ പങ്കാളിത്തം രാജ്യത്തിന്റെ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- കേരളത്തിലെ കോളേജിൽ ജാതി അധിക്ഷേപം അംഗീകരിക്കാൻ ആവില്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല.
- സംസ്ഥാനത്ത് വരുംദിവസങ്ങളിൽ താപനില 54 ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്ന സാമൂഹിക മാധ്യമ പ്രചാരണം വ്യാജമെന്ന് ദുരന്തനിവാരണ അതോറിറ്റി.
- IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ് വൈകിട്ട് രാജസ്ഥാൻ റോയൽസിനെ നേരിടും.

## വാർത്തകൾ വിശദമായി

ജാലിയൻവാലാബാഗ് കൂട്ടക്കൊലയുടെ 107-ാം വാർഷികദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, രക്തസാക്ഷികൾക്ക് ആദരമർപ്പിച്ചു. സ്വാതന്ത്ര്യസമര പോരാട്ടത്തിൽ ജീവൻ ബലിയർപ്പിച്ച പോരാളികളോട് രാജ്യം എന്നും കടപ്പെട്ടിരിക്കുമെന്ന് രാഷ്ട്രപതി പറഞ്ഞു. ഈ ചരിത്രസംഭവം രാജ്യത്തെ ജനങ്ങളിൽ പുതിയ ഉണർവും സ്വാതന്ത്ര്യത്തിന് വേണ്ടി അചഞ്ചലമായ നിശ്ചയദാർഢ്യവും പകർന്നുനൽകിയതായും, അവരുടെ ദേശസ്നേഹം വരുംതലമുറയ്ക്ക് എന്നും മാതൃകയാണെന്നും രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജാലിയൻവാലാഭാഗ് രക്ത സാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിച്ചു. വിദേശ ഭരണത്തിന്റെ ക്രൂരതയ്ക്കെതിരെ അദമ്യമായ ധൈര്യത്തിന്റേയും അന്തസ്സിന്റേയും കഥ രാജ്യത്തെ ഓരോ തലമുറയെയും പ്രചോദിപ്പിക്കുന്നത് തുടരുമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് രക്തസാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിച്ചു. 1919ലെ ഈ ദാരുണമായ സംഭവം, ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ നിർണ്ണായകമായ നിമിഷമാണെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് മുതൽ നാല് ദിവസം ഗുജറാത്ത്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ സന്ദർശനം നടത്തും. രാഷ്ട്രപതി ഇന്ന് ഗുജറാത്ത് രാജ്കോട്ടിലെ എയിംസിന്റെ ആദ്യ ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.

ഗാന്ധിനഗറിലെ സാമൂഹിക സമത്വ മഹോത്സവം, നാഷണൽ അക്കാദമി ഓഫ് ഡയറക്ട് ടാക്സസിലെ പരിപാടികൾ, വിവിധ സർവകലാശാലാ ചടങ്ങുകൾ എന്നിവയിൽ അവർ സന്ദർശന വേളയിൽ പങ്കെടുക്കും.

✪✪✪

സ്ത്രീകളുടെ പങ്കാളിത്തം രാജ്യത്തിന്റെ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ന്യൂഡൽഹിയിൽ നാരീ ശക്തി വന്ദൻ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ജനാധിപത്യ ഘടനയിൽ സ്ത്രീകൾക്ക് സംവരണം നൽകേണ്ടത് അത്യാവശ്യമാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

നാരീ ശക്തി വന്ദൻ അധിനിയം, സ്ത്രീ ശാക്തീകരണം, ആത്മാഭിമാനം, ജനാധിപത്യ പങ്കാളിത്തം എന്നിവ ഉറപ്പാക്കുന്നുവെന്ന് കേന്ദ്രമന്ത്രി അന്നപൂർണ ദേവി പറഞ്ഞു. പെൺമക്കൾ രാജ്യത്തിന്റെ വികസന യാത്രയുടെ പതാകവാഹകരായി മാറുകയാണെന്നും അവർ പറഞ്ഞു. ന്യൂഡൽഹിയിൽ നാരീ ശക്തി വന്ദൻ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അന്നപൂർണ ദേവി.

✪✪✪

തമിഴ്നാട്ടിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജസ്വലമായി തുടരുന്നു. ദേശീയ - സംസ്ഥാന നേതാക്കൾ പങ്കെടുക്കുന്ന റോഡ്ഷോയുടെയും, റാലിയുടെയും ആവേശത്തിലാണ് വോട്ടർമാർ.

ലോക്സഭാ പ്രതിപക്ഷ നേതാവും, മുതിർന്ന കോൺഗ്രസ് നേതാവുമായ രാഹുൽഗാന്ധി മൂന്ന് ദിവസത്തിനകം തമിഴ്നാട്ടിൽ പ്രചാരണത്തിനെത്തുമെന്ന് കോൺഗ്രസ് സംസ്ഥാന നേതൃത്വം അറിയിച്ചു. കഴിഞ്ഞ ദിവസം ചേർന്ന കോൺഗ്രസിന്റെ തമിഴ്നാട് ഘടകം, രാഹുലിന്റെ പ്രചാരണ പരിപാടികൾക്ക് അന്തിമരൂപം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രി MK സ്റ്റാലിൻ നേതൃത്വം നൽകുന്ന DMK മുന്നണിയുടെ അഭ്യർത്ഥന മാനിച്ചാണ് രാഹുൽ പ്രചാരണത്തിനെത്തുന്നത്.

DMK മുന്നണിക്കെതിരെ പ്രചാരണം ശക്തിപ്പെടുത്തി തമിഴ് വെട്രി കഴകം നേതാവ് വിജയ് യുടെ പര്യടനവും തമിഴ്നാട്ടിൽ തുടരുകയാണ്.

✪✪✪

തമിഴ്നാട് നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി സംസ്ഥാനത്തെ പാർട്ടി പ്രവർത്തകരുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. വൈകീട്ട് നാലിന് വീഡിയോ കോൺഫറൻസിംഗ് വഴിയാണ് കൂടിക്കാഴ്ച.

നമോ ആപ്പ് വഴി അഞ്ച് ലക്ഷത്തോളം ബൂത്ത് കമ്മിറ്റി അംഗങ്ങൾ കൂടിക്കാഴ്ചയിൽ പങ്കെടുക്കുമെന്ന് പാർട്ടി വൃത്തങ്ങൾ അറിയിച്ചു.

ഈ ആഴ്ച അവസാനം പ്രധാനമന്ത്രി രണ്ട് ദിവസത്തെ  പ്രചാരണത്തിന് തമിഴ്നാട്ടിലെത്തും. 15-ന് നാഗർകോവിലിലും 18-ന് കോയമ്പത്തൂരിലുമാണ് സന്ദർശനം.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പിലെ പോളിംഗ് ശതമാനം ഉൾപ്പെടെ വിവരങ്ങൾ പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് VD സതീശൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷന് കത്ത് നൽകി. സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പൂർത്തിയായി മൂന്ന് ദിവസം കഴിഞ്ഞിട്ടും പോസ്റ്റൽ വോട്ടിംഗ് ഉൾപ്പെടെ വിവരങ്ങൾ തിരഞ്ഞെടുപ്പ് കമ്മിഷൻ വെബ്സൈറ്റിൽ ലഭ്യമല്ല.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ പുറത്ത് വിട്ട് സുതാര്യത ഉറപ്പാക്കാൻ തിരഞ്ഞെടുപ്പ് കമ്മിഷന് ബാധ്യതയുണ്ടെന്നും കത്തിൽ പറയുന്നു.

✪✪✪

പശ്ചിമ ബംഗാളിലെ സിലിഗുഡി ഇടനാഴി ദേശീയ സുരക്ഷയ്ക്ക് നിർണായകമാണെന്നും അത് സുരക്ഷിതമാക്കാൻ കേന്ദ്രം എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. പശ്ചിമ ബംഗാളിലെ സിലിഗുഡിയിലെ കവാഖാലിയിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

✪✪✪

രാജ്യത്തിന്റെ സ്വരമാധുര്യ വസന്തവും ഇതിഹാസ ഗായികയുമായ ആശാ ഭോസ്‌ലേയുടെ സംസ്കാരം വൈകിട്ട് മുംബൈയിലെ ശിവാജി പാർക്കിൽ നടത്തും. നെഞ്ചിലെ അണുബാധയെത്തുടർന്ന് മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെയായിരുന്നു 92 കാരിയായ അവരുടെ അന്ത്യം.

✪✪✪

നാളെ അംബേദ്കർ ജയന്തി ദിനത്തിൽ ലോക് ഭവനിൽ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ വൈകിട്ട് ക്ഷണിക്കപ്പെട്ട സദസിനെ അഭിസംബോധന ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അധ്യക്ഷനാകും.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടിയിൽ മരിച്ച BDS വിദ്യാർത്ഥി നിതിൻ രാജിന്റെ നെടുമങ്ങാട്ടെ വീട് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല സന്ദർശിച്ചു. മാതാപിതാക്കളുടെ ആരോപണങ്ങളിൽ അന്വേഷണം നടത്തുമെന്ന് രമേശ് ചെന്നിത്തല ഉറപ്പ് നൽകി.

കേരളത്തിലെ കോളേജിൽ ജാതി അധിക്ഷേപം ഒരിക്കലും അംഗീകരിക്കാൻ ആവില്ലെന്ന് രമേശ് ചെന്നിത്തല പറഞ്ഞു. കുറ്റവാളികൾ ആരും രക്ഷപെടാൻ പാടില്ലെന്നും വിശദമായ അന്വേഷണം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കോളേജിൽ നിന്ന് ഉത്തരവാദിത്തപെട്ട ആരും വന്നില്ലെന്നും രമേശ് ചെന്നിത്തല മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കൊളേജിലെ ബി ഡി എസ് വിദ്യാർഥി നിതിൻരാജ് മരിച്ച സംഭവത്തിൽ പ്രതികളായ അധ്യാപകരെ പുറത്താക്കണമെന്നാവശ്യപ്പെട്ട് കെ എസ് യു മാർച്ചിൽ സംഘർഷം. പ്രതിഷേധത്തിനിടെ പോലീസും പ്രവർത്തകരും തമ്മിൽ ഉന്തും തള്ളുമുണ്ടായി. ഇതോടെ കെ എസ് യു നേതാക്കളെ പൊലീസ് ബലമായി അറസ്റ്റ് ചെയ്ത് നീക്കി.

✪✪✪

സ്വച്ഛ് ഭാരത് മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന സ്വച്ഛ് സർവേക്ഷൺ ശുചിത്വ റാങ്കിങ്ങുമായി ബന്ധപ്പെട്ട് പൊതു ഇടങ്ങളിൽ ചിത്രങ്ങൾ വരച്ച് ശുചിത്വ സന്ദേശം നൽകി പാലക്കാട് നഗരസഭ. റാങ്കിങ്ങിൽ കഴിഞ്ഞ വർഷങ്ങളിലെ നില മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം.

പാലക്കാട് നിന്നും ഫൈസൽ അലിമുത്ത്...

....(വോയ്സ്)....

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ താപനില 54 ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്ന സാമൂഹിക മാധ്യമ പ്രചാരണ സന്ദേശം വ്യാജമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. ഇത്തരം വ്യാജ പ്രചാരണങ്ങൾ നടത്തുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമെന്നും അധികൃതർ പറഞ്ഞു.

താപനില 45 ഡിഗ്രി മുതൽ 55 ഡിഗ്രി വരെ ഉയർന്നേക്കാമെന്നും മൊബൈൽ ഫോണുകൾ ചൂട് മൂലം പൊട്ടിത്തെറിക്കാൻ സാധ്യതയുണ്ടെന്നും, വാഹനങ്ങളിൽ ഇന്ധനം പൂർണ്ണമായി നിറയ്ക്കരുതെന്നും തുടങ്ങിയ വാട്സ്ആപ്പ് സന്ദേശങ്ങൾ തെറ്റാണെന്ന് അതോറിറ്റി വ്യക്തമാക്കി. സിവിൽ ഡിഫൻസ് വകുപ്പിന്റെ ഔദ്യോഗിക അറിയിപ്പ് എന്ന നിലയിലാണ് സന്ദേശം പ്രചരിക്കുന്നത്. എന്നാൽ കേരളത്തിൽ സിവിൽ ഡിഫൻസ് എന്ന പേരിൽ പ്രത്യേക വകുപ്പില്ലെന്നും ഇത് അഗ്നിരക്ഷാസേനയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സേനയാണെന്നും അധികൃതർ വ്യക്തമാക്കി.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് രാജസ്ഥാൻ റോയൽസിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കേരളത്തിലെ ഏക ആപ്പിൾ ഗ്രാമമായ കാന്തല്ലൂർ താഴ് വാരങ്ങളിൽ ആപ്പിൾ വസന്തത്തിന് തുടക്കമായി. തണുത്ത കാലാവസ്ഥയുടെ പശ്ചാത്തലത്തിൽ മരങ്ങൾ പൂവിട്ടു തുടങ്ങിയതോടെ സഞ്ചാരികളുടെ തിരക്കേറുകയാണ്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

.......(വോയ്സ്)...............

✪✪✪

ശബരിമല സന്നിധാനത്ത് വിഷുപൂജകൾ മറ്റന്നാൾ. വിഷു ദിനത്തിൽ പുലർച്ചെ നാലിനു നടതുറന്ന് വിഷുക്കണി ദർശനം ലഭിക്കും.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

.......(വോയ്സ്).......

✪✪✪

കണ്ണൂർ കണ്ണാടിപ്പറമ്പിൽ രാവിലെ ബൈക്കും സ്കൂട്ടിയും കൂട്ടിയിടച്ച് ബൈക്ക് യാത്രക്കാരനായ യുവാവ് മരിച്ചു. കമ്പിൽ നൂഞ്ഞേരി സ്വദേശി സുഫിയാൻ ആണ് മരിച്ചത്. 19 വയസ്സായിരുന്നു.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 280 രൂപ കുറഞ്ഞു ഒരു ലക്ഷത്തി 11,800 രൂപയായി. 13,975 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*News Team: നിമിഷ ജി, സബിത കെ*
*DEO : ഷീബ*